

TUESDAY 07-12-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 07/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് നാളെ (ഡിസംബർ 8) മുതൽ http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്ന് ക്ഷേമനിധി മുഖേനയാണ് പെൻഷൻ ലഭിക്കുക. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നഴ്സറി നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

2. തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന **കേരഗ്രാമം** പദ്ധതിയുടെ ഉദ്ഘാടനം നാളെ (08-12-2021) വൈകുന്നേരം 4.30-ന് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ചടങ്ങിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അദ്ധ്യക്ഷത വഹിക്കും.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക മണ്ണുദിനാചരണത്തിന്റെ ഭാഗമായി **'മണ്ണുപരിശോധനാ പരിപാടി'** സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ മണ്ണ് സാമ്പിളുകൾ ഈ മാസം 10-ാം (ഡിസംബർ 10) തീയതിക്കുള്ളിൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സാമ്പിളിൽ കൃത്യമായി വിവരങ്ങൾ

രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

5. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ കറവയുള്ളതും/കറവവറ്റിയതുമായ 25 പശുക്കളെ ഈ മാസം 9-ന് (09.12.2021) രാവിലെ 11 മണിയ്ക്ക് ഫാം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9846671074, 8547194180** എന്നീ ഫോൺ നമ്പരുകളിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

6. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി തുടങ്ങി 10 ജില്ലകളിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി ഈ മാസം 18 വരെ (**ഡിസംബർ** 18 വരെ) സമർപ്പിക്കാം.

## പരിശീലന പരിപാടികൾ

7. **ഐ.സി.എ.ആർ** കൃഷി വിജ്ഞാന കേന്ദ്രം, മിത്രനികേതനിൽ ഈ മാസം 7,10 (07.12.2021, 10.12.21) തീയതികളിൽ **കാർഷികവൃത്തിയുടെ അഭിവൃദ്ധിക്കായി വിവിധ കൃഷി പണികളിൽ നവീന ഊർജ്ജ**

**പദ്ധതികൾ എങ്ങനെ നടപ്പിലാക്കാം** എന്ന വിഷയത്തിൽ കർഷകർക്ക് സെമിനാർ സംഘടിപ്പിക്കുന്നു. താല്പര്യമുള്ള കർഷകർ **9400288040** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് അവസരം ലഭിക്കുന്നത്.

8. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9, 10 തീയതികളിൽ **കറവപ്പശു പരിപാലനം, 22-ന് പന്നി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ഇൻ ക്യാമ്പസ്** പരിശീലനവും 21-ന് **കാടക്കോഴി വളർത്തലിൽ ഓൺലൈൻ** പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, പേരും പരിശീലന വിഷയവും **9188522708** എന്ന നമ്പരിൽ വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഈ മാസം 10-ന് (ഡിസംബർ 10) ഏകദിനപരിശീലനം നൽകുന്നു. കോവിഡ് പെരുമാറ്റച്ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

11. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 8,9,10 (ഡിസംബർ 8,9,10) തീയതികളിൽ രാവിലെ 10 മണി മുതൽ **ക്ഷീരസംഘം ടെസ്റ്റർമാർ/ ലാബ് അസിസ്റ്റന്റുമാർക്കു** വേണ്ടി രണ്ട് ദിവസത്തെ ക്ലാസ്റൂം പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആധാർകാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0481 – 2302223, 9447506934** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം